പതിനാലാം കേരള നിയമസഭ

**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.** 4216 | 13/12/2018 ൽ മറുപടിക്ക്

# കെൽട്രോൺ ജീവനക്കാരുടെ ശമ്പളപരിഷ്കരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എസ്.ശബരീനാഥൻ** | | **ശ്രീ. ഇ.പി. ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പൊതുമേഖലാ സ്ഥാപനമായ കെൽട്രോണിലെ ഓഫീസർമാരുടെ ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട (2012-17 കാലയളവ്) 28.10.2017-ലെ ജി.ഒ. (എം.എസ്.) നമ്പർ 105/17/ID ഉത്തരവ് പ്രകാരം ഓഫീസർ തസ്തികയിലുള്ള ഒരു ജീവനക്കാരന് നിലവിൽ ലഭിക്കുന്ന മാസശമ്പളത്തിൽ നിന്നും ശരാശരി അയ്യായിരം രൂപയുടെ കുറവ് വരുന്നതായിട്ടുള്ള കാര്യം ബോധ്യപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ ശമ്പള പരിഷ്കരണത്തിലെ അപാകതകൾ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ട് കെൽട്രോൺ ജീവനക്കാരുടെ പ്രതിനിധികൾ 08.11.2017-ന് വ്യവസായവകുപ്പ് മന്ത്രിയ്ക്ക് നൽകിയ നിവേദനം പരിശോധിച്ച് അപാകതകൾ എത്രയും വേഗം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാമോ; | (എ) | നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത് പരിശോധിച്ചുവരുന്നു. |
| (ബി) | 28.10.2017 ലെ ഉത്തരവ് പ്രകാരം ശമ്പളപരിഷ്കരണം നടപ്പിലാക്കിയാൽ പുതിയ ഡി.എ. നിരക്ക് കാരണം കെൽട്രോണിലെ നൂറിൽപരം ജീവനക്കാർ ശരാശരി മൂന്ന് ലക്ഷം രൂപ സ്ഥാപനത്തിന് തിരിച്ചു നൽകാൻ | (ബി) | വ്യവസായ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ഇൻഡസ്ട്രിയൽ ഡി.എയ്ക്കാണ് അർഹതയുള്ളത് എന്ന് ധനവകുപ്പ് അറിയിച്ചിരുന്നത് പ്രകാരമാണ് ശമ്പളപരിഷ്കരണം സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. |

നിർബന്ധിതരായിത്തീരുമെന്നതിനാൽ, പ്രസ്തുത ഉത്തരവ് ഹർജിക്കാർക്ക് ബാധകമാക്കരുതെന്ന് ബഹു.കേരള ഹൈക്കോടതിയുടെ ഇടക്കാലവിധി വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ കെൽട്രോണിലെ ഓഫീസർ തസ്തികയിലെ ജീവനക്കാർക്ക് നാളിതുവരെ ലഭിച്ചു കൊണ്ടിരുന്ന സർക്കാർ നിരക്കിലുള്ള ഡി.എ. സമ്പ്രദായം തുടർന്നും ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ:

| | | | |
|---|---|---|---|
| സി) | സർക്കാർ ഉടമസ്ഥതയിലുള്ള സ്റ്റീൽ & ഇൻഡസ്ട്രിയൽ ഫോഗിങ്സ് ലിമിറ്റഡ് എന്ന സ്ഥാപനത്തിലെ ഓഫീസർ തസ്തികയിലുള്ള ജീവനക്കാർക്ക് 30.08.2017 ലെ ജി. ഒ. (എം.എസ്.) 88/2017/ID ഉത്തരവ് പ്രകാരം സർക്കാർ ഡി എ. പുനഃസ്ഥാപിച്ചു നൽകി 2012-17 കാലയളവിലെ ശമ്പള പരിഷ്കരണത്തിലെ അപാകതകൾ പരിഹരിച്ചതായി ബോദ്ധ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ മാനദണ്ഡം അനുസരിച്ച് കെൽട്രോണിലെ ഓഫീസർ തസ്തികയിലുള്ള ജീവനക്കാർക്കും ഇതേ കാലയളവിലുള്ള ശമ്പള പരിഷ്കരണത്തിന് സർക്കാർ ഡി.എ. പുനഃസ്ഥാപിച്ചു കിട്ടുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | കെൽട്രോൺ ജീവനക്കാർ സമർപ്പിച്ച നിവേദനം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ